**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 768** **24-08-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരമുള്ള വിവാഹ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹിതരാവുന്നവർ നൽകേണ്ട അപേക്ഷയുടെ വിശദവിവരം നൽകാമോ; അപേക്ഷയിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഘടകങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | സ്പെഷ്യൽ മാര്യേജ് ആക്ട് - 1954 പ്രകാരം വിവാഹ അപേക്ഷയിൽ നിർബന്ധമായും പൂരിപ്പിക്കേണ്ട ഘടകങ്ങൾ:<br><br>അപേക്ഷകന്റെ ജില്ല<br><br>വിവാഹം രജിസ്റ്റർ ചെയ്യാൻ ഉദ്ദേശിക്കുന്ന സബ് രജിസ്ട്രാർ ഓഫീസ്.<br><br>വരന്റെ പേര്<br><br>വരന്റെ ജനനതീയതി<br><br>വരന്റെ വയസ്സ്<br><br>വിവാഹിതനോ അല്ലയോ<br><br>തൊഴിൽ<br><br>അച്ഛന്റെ പേര്<br><br>സ്ഥിര മേൽവിലാസം<br><br>നിലവിൽ താമസിക്കുന്ന മേൽവിലാസം<br><br>മൊബൈൽ ഫോൺ നമ്പർ<br><br>സ്ഥിര മേൽവിലാസത്തിലെ താമസ കാലയളവ്<br><br>ഹാജരാക്കുന്ന തിരിച്ചറിയൽ രേഖ<br><br>തിരിച്ചറിയൽ രേഖ നമ്പർ<br><br>തിരിച്ചറിയൽ രേഖ വിതരണം ചെയ്ത സ്ഥാപനം. |

| | | | |
|---|---|---|---|
| | | | വധുവിന്റെ പേര്<br>വധുവിന്റെ ജനനതീയതി<br>വധുവിന്റെ വയസ്സ്<br>വിവാഹിതനോ അല്ലയോ<br>തൊഴിൽ<br>അച്ഛന്റെയോ അമ്മയുടെയോ പേര്<br>സ്ഥിര മേൽവിലാസം<br>വധുവിന്റെ സബ് രജിസ്ട്രാർ ഓഫീസ്<br>വിവാഹം രജിസ്റ്റർ ചെയ്യാൻ അനുയോജ്യമായ തീയതി. |
| (ബി) | വിവാഹശേഷം രജിസ്ട്രാർ നല്കുന്ന വിവാഹ സർട്ടിഫിക്കറ്റ് ഓൺലൈൻ ആയിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രിന്റിംഗ് കോപ്പി ആയിട്ടാണോ കയ്യെഴുത്ത് സർട്ടിഫിക്കറ്റാണോ നൽകുന്നത്; വിശദാശം നൽകാമോ; | (ബി) | സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരം വിവാഹിതരാവുന്നവർക്ക് നൽകുന്ന സർട്ടിഫിക്കറ്റ് ഓൺ ലൈൻ ആയിട്ടല്ല വിതരണം ചെയ്യുന്നത്. രജിസ്ട്രേഷൻ വകുപ്പിന്റെ പേൾ സോഫ്റ്റ് വെയറിൽ നിന്നും 50 രൂപ മുഖവിലയുള്ള മുദ്രപത്രത്തിൽ മാര്യേജ് സർട്ടിഫിക്കറ്റിന്റെ സർട്ടിഫൈഡ് കോപ്പി പ്രിന്റ് എടുത്ത് കക്ഷിക്ക് നൽകുന്ന സംവിധാനമാണ് നിലവിൽ ഉള്ളത്. |
| (സി) | ഇപ്രകാരം ലഭിച്ച സർട്ടിഫിക്കറ്റിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | മേൽ പ്രകാരം നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിൽ തെറ്റുകൾ പറ്റിയിട്ടുണ്ടെങ്കിൽ സ്പെഷ്യൽ മാര്യേജ് ആക്ട് - 1954 സെക്ഷൻ 49 പ്രകാരം ഉപാധികളോടെ തിരുത്തൽ വരുത്താൻ സബ് രജിസ്ട്രാർക്ക് / മാര്യേജ് ഓഫീസർക്ക് അധികാരമുണ്ട്. |
| (ഡി) | സർട്ടിഫിക്കറ്റിലെ തെറ്റ് തിരുത്താൻ കോടതി വഴി അല്ലാതെ മറ്റ മാർഗ്ഗങ്ങളുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; ഇല്ലെങ്കിൽ അതിനുള്ള മാർഗ്ഗം വകുപ്പ് മുഖേന ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | സ്പെഷ്യൽ മാര്യേജ് ആക്ട് - 1954 സെക്ഷൻ 49 പ്രകാരം ഉപാധികളോടെ തിരുത്തൽ വരുത്താൻ സബ് രജിസ്ട്രാർക്ക് / മാര്യേജ് ഓഫീസർക്ക് അധികാരമുണ്ട്. |

സെക്ഷൻ ഓഫീസർ